# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 32 11.06.2013 ൽ മറുപടിക്ക്

### അന്തർ സംസ്ഥാന സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, എൻ. ഷംസുദ്ദീൻ<br>,, എം. ഉമ്മർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റ് സംബന്ധിച്ച് ഏതെല്ലാം അയൽ സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട് ; | (എ) | കർണ്ണാടകവുമായും, തമിഴ്നാടുമായും ധാരണയുണ്ടാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ സംസ്ഥാനവുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | കേരളവും കർണ്ണാടകവുമായി ഏർപ്പെട്ട അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ വിശദാംശങ്ങൾ അനുബന്ധം I ആയും, കേരളവും തമിഴ്നാടുമായും ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുപ്രകാരം സംസ്ഥാനം എല്ലാ റൂട്ടുകളിലും സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ നടത്താത്ത സർവ്വീസുകളുടെ വിവരവും, കാരണവും വിശദമാക്കുമോ ; | (സി) | തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം ലഭ്യമായ മുഴുവൻ കിലോമീറ്ററും ഉപയോഗിച്ച് കെ.എസ്.ആർ.റ്റി.സി സർവ്വീസ് നടത്തി വരുന്നു. എന്നാൽ കർണ്ണാടകവുമായി നിലവിലുള്ള കരാറിലെ മുഴുവൻ കിലോമീറ്ററും കെ.എസ്.ആർ.റ്റി.സി ഉപയോഗിക്കുന്നില്ല. 1707.8 കിലോമീറ്റർ ദൂരം കല്പറ്റ - മെർക്കാറ - കണ്ണൂർ - ബാംഗ്ലൂർ, കാസർഗോഡ്- സുളള്യ എന്നീ റൂട്ടുകളിലായി കെ.എസ്.ആർ.റ്റി.സി പെർമിറ്റ് എടുക്കുവാനുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്നതിനനുസരിച്ച് ബാക്കിയുള്ള പെർമിറ്റുകൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ നടത്തുന്ന സർവ്വീസുകൾ ലാഭകര മാണോ എന്നതിന്റെ വിശദവിവരം നൽകാമോ? | (ഡി) | ലാഭവും നഷ്ടവും ഇല്ലാത്ത അവസ്ഥയിൽ സർവ്വീസ് നടത്തുന്ന തിന് ചുവടെ പറയുന്ന രീതിയിൽ ഓരോ തരം സർവ്വീസുകൾക്കും വരുമാനം ലഭിക്കണമെന്നാണ് കെ.എസ്.ആർ.റ്റി.സി കണക്കാക്കിയി രിക്കുന്നത്.<br>1. ഓർഡിനറി - ₹12700<br>2. ഫാസ്റ്റ് പാസഞ്ചർ- ₹ 14700<br>3. സൂപ്പർ ഫാസ്റ്റ് - ₹17000<br>4. സൂപ്പർ എക്സ്പ്രസ് - ₹ 18000<br>5. സൂപ്പർ ഡീലക്സ് - ₹ 20000<br>ഇതു പ്രകാരം ചുവടെ പറയുന്ന എണ്ണം അന്തർ സംസ്ഥാന സർവ്വീസുകൾ നഷ്ടത്തിലാണ് നടത്തി വരുന്നതെന്ന് കാണാം.<br>1. ഓർഡിനറി- 82 എണ്ണം<br>2. ഫാസ്റ്റ് പാസഞ്ചർ- 36 എണ്ണം<br>3. സൂപ്പർ ഫാസ്റ്റ് - 8 എണ്ണം<br>4.സൂപ്പർ എക്സ്പ്രസ് - 11 എണ്ണം<br>5.സൂപ്പർ ഡീലക്സ് - 2 എണ്ണം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

1939 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 63 അനുസരിച്ച് അന്തർ സംസ്ഥാന റൂട്ടിലൂടെ ഫലപ്രദവും ഉചിതമായ ഏകോപനത്തോടു കൂടിയതുമായ റോഡ് ട്രാൻസ്പോർട്ട് സർവ്വീസ് ഉറപ്പാക്കുന്നതിനായി കേരള കർണാടക സംസ്ഥാനങ്ങൾ തമ്മിൽ അന്തർ സംസ്ഥാന എഗ്രിമെന്റ് ഉണ്ടാക്കുന്നതിന് ധാരണയായി.

10/06/1976 ൽ ഈ രണ്ട് സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ ഒപ്പു വെച്ച ഈ കരാർ 01/07/1976 ൽ പ്രാബല്യത്തിൽ വന്നു.

അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റ് സംബന്ധിച്ചുണ്ടാക്കിയ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

എ) എല്ലാ അന്തർ സംസ്ഥാന റൂട്ടുകളിലും സാദ്ധ്യമാകുന്നിടത്തോളം ഓവറോൾ സർവ്വീസ് കിലോമീറ്ററേജിൽ തുല്യത ഉണ്ടായിരിക്കണം.

ബി) കരാറിൽ, കർണ്ണാടകത്തിലെ ഓപ്പറേറ്റർമാർ കേരളത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന 20 റൂട്ടുകൾ സംബന്ധിച്ച വിവരങ്ങളും കേരളത്തിലെ ഓപ്പറേറ്റർമാർ കർണ്ണാടകത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന 16 റൂട്ടുകൾ സംബന്ധിച്ച വിവരങ്ങളും കാണിക്കുന്നു.

കൂടാതെ കർണ്ണാടക ഓപ്പറേറ്റേഴ്സിന്റെ എക്സ്ക്ലൂസീവ് ഓപ്പറേഷനായി അനുവദിച്ചിട്ടുള്ള 18 റൂട്ടുകൾ, കേരള ഓപ്പറേറ്റേഴ്സിന്റെ എക്സ്ക്ലൂസീവ് ഓപ്പറേഷനായി അനുവദിച്ചിട്ടുള്ള 7 റൂട്ടുകൾ, കർണ്ണാടക കേരള ഓപ്പറേറ്റേഴ്സിന്റെ ജോയിന്റ് ഓപ്പറേഷനായി അനുവദിച്ചിട്ടുള്ള 7 റൂട്ടുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തി.

ഒരു സംസ്ഥാനത്ത് പൂർണ്ണമായും കിടക്കുന്ന അന്തർ സംസ്ഥാന റൂട്ടിൽ, ആ സംസ്ഥാനത്തെ ഓപ്പറേറ്റേഴ്സ് നടത്തുന്ന സർവീസിൽ അവിടുത്തെ ട്രാൻസ്പോർട്ട് അതോറിറ്റിയുണ്ടാക്കുന്ന ഏതൊരു മാറ്റവും എതിർ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. അന്തർ സംസ്ഥാന റൂട്ടിൽ മാറ്റം വേണമെന്ന് എതിർ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് അതോറിറ്റിയാണ് ആഗ്രഹിക്കുന്നതെങ്കിൽ, മുകളിൽ സബ് ക്ലോസ് (എ)യിൽ കാണിച്ചിരിക്കുന്നതുപോലെ സർവീസ് കിലോമീറ്ററേജിന്റെ തുല്യത എന്ന തത്വത്തിലധിഷ്ഠിതമായി രണ്ട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളും കൂടി പരസ്പര ധാരണയിലൂടെ തീരുമാനമെടുക്കേണ്ടതാണ്.

സി) ഒരു ഓപ്പറേറ്റർ എതിർ സംസ്ഥാനത്ത് ഈടാക്കുന്ന ചാർജ്ജ്, അതേ സംസ്ഥാനത്ത് സമാനമായ സർവീസിന് ഈടാക്കുന്ന ചാർജ്ജിന് തുല്യമായിരിക്കും.

ഡി) മിനിമം ഒരു സ്പെയർ ബസ് എന്ന വ്യവസ്ഥയിൽ, ഒരു ഓപ്പറേറ്ററുടെ റൂട്ട് ബസ്സുകളുടെ ഫ്ലീറ്റിന്റെ 20% വരെ സ്പെയർ ബസ്, ഏതെങ്കിലും ബസിന്റെ ബ്രേക്ക്ഡൗൺ സമയത്ത് ഏതൊരു അന്തർ സംസ്ഥാന റൂട്ടിലൂടെയും ഓടിക്കാവുന്നതാണ്.

കരാറിലെ ക്ലോസ് VIII പ്രകാരം പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ കരാറിലേയോ അതിന്റെ അനുബന്ധത്തിലേയോ ഏതെങ്കിലും ക്ലോസ് ഒഴിവാക്കുന്നതിനോ പുതുതായി കൂട്ടിച്ചേർക്കുന്നതിനോ ഉള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിരുന്നു.

അതിനുശേഷം 1982 ൽ ഏർപ്പെട്ട ഒന്നാം സപ്ലിമെന്ററി കരാറിൽ റൂട്ട് പെർമിറ്റുകൾ സംബന്ധിച്ച വിഷയങ്ങളൊന്നും ഉൾപ്പെടുത്തിയിരുന്നില്ല. 1992 ൽ ഏർപ്പെട്ട രണ്ടാം സപ്ലിമെന്ററി കരാർ പ്രകാരം കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് (എസ്.റ്റി.യു.) കേരളത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനായി 13 റൂട്ടുകളും കേരള എസ്.റ്റി.യു. (കെ.എസ്.ആർ.ടി.സി.) കർണ്ണാടകത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനായി 7 റൂട്ടുകളും ടി രണ്ട് എസ്.റ്റി.യു.കൾക്കും ജോയിന്റ് ഓപ്പറേഷനുള്ള 5 റൂട്ടുകളും കർണ്ണാടക എസ്.റ്റി.യു.വിന്റെ ഒരു റൂട്ട് ആഗ്മെന്റേഷനും കെ.എസ്.ആർ.ടി.സി.യ്ക്ക് കർണ്ണാടകത്തിൽ അനുവദിച്ചിരുന്ന 3 റൂട്ടുകളുടെ ദീർഘിപ്പിക്കലും കേരള ഓപ്പറേറ്റേഴ്സിന്റെ അന്തർ സംസ്ഥാന റൂട്ടിന്റെ മാറ്റവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുകയുണ്ടായി.

1992 ൽ ഏർപ്പെട്ട രണ്ടാം സപ്ലിമെന്ററി കരാറിൽ ഉൾപ്പെടുത്തിയിരുന്നതിനേക്കാൾ കൂടുതൽ റൂട്ടുകളിൽ സ്റ്റേജ് കാര്യേജ് ഓപ്പറേഷൻ ആവശ്യമാണെന്ന് കണ്ടതിനാലും നിലവിലുള്ള റൂട്ടുകളുടെ ദൈർഘ്യവർദ്ധന, കൂടുതൽ സ്റ്റേജ് കാര്യേജ് സർവ്വീസുകൾ ആരംഭിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിനുമായി 2005 ൽ ഏർപ്പെട്ട 3-ാം സപ്ലിമെന്ററി കരാറിന്റെ അനുബന്ധം I ൽ കർണ്ണാടക എസ്.റ്റി.യു. കേരളത്തിൽ ഓപ്പറേറ്റ ചെയ്യുന്നതിനുള്ള പുതിയ 15 റൂട്ടുകളും അനുബന്ധം II ൽ കർണ്ണാടക എസ്.റ്റി.യു. ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള 2 അധിക ട്രിപ്പുകളും അനുബന്ധം III ൽ കർണ്ണാടക എസ്.റ്റി.യു. വിന്റെ 9 റൂട്ട് മോഡിഫിക്കേഷനുകളും അനുബന്ധം IV ൽ നിലവിലുള്ള കരാറിൽ നിന്ന് വേർപെടുത്തേണ്ടതായ കർണ്ണാടക എസ്.റ്റി.യു. ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള 8 റൂട്ടുകളും അനുബന്ധം V ൽ കെ.എസ്.ആർ.ടി.സി. കർണ്ണാടകത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള 27 റൂട്ടുകളും അനുബന്ധം VI ൽ നിലവിലുള്ള കരാർ പ്രകാരം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന 6 റൂട്ടുകളുടെ മോഡിഫിക്കേഷനും അനുബന്ധം VII ൽ 1992 ലെ കരാറിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ഓപ്പറേറ്റ് ചെയ്യാൻ ഉൾപ്പെടുത്തിയിരുന്ന ഒരു റൂട്ട് വേർപെടുത്തുന്നതിനും ഉള്ള വ്യവസ്ഥകൾ ഉണ്ടാക്കി.

25/08/2008 ൽ കേരളവും കർണ്ണാടകവുമായി ഒപ്പുവെച്ച 4-ാം സപ്ലിമെന്ററി കരാറിന്റെ അനുബന്ധം I ൽ കർണ്ണാടക എസ്.റ്റി.യു.കൾ കേരളത്തിൽ ഓപ്പറേറ്റ് ചെയ്യാനുദ്ദേശിക്കുന്ന 32 പുതിയ റൂട്ടുകളും അനുബന്ധം II ൽ കെ.എസ്.ആർ.ടി.സി കർണ്ണാടകത്തിൽ ഓപ്പറേറ്റ് ചെയ്യാനുദ്ദേശിക്കുന്ന 30 പുതിയ റൂട്ടുകളും അനുബന്ധം III ൽ കർണ്ണാടക എസ്.റ്റി.യു.കൾക്ക് കേരളത്തിൽ നൽകാനുദ്ദേശിക്കുന്ന 8 ആഗ്മെന്റേഷനുകളും അനുബന്ധം IV ൽ കർണ്ണാടക എസ്.റ്റി.യു.കൾക്ക് നൽകാനുദ്ദേശിച്ചിട്ടുള്ള 9 റൂട്ട് വേരിയേഷൻ / വേർപെടുത്തലും അനുബന്ധം V ൽ കെ.എസ്.ആർ.ടി.സി. നിർദ്ദേശിച്ചിട്ടുള്ള 6 റൂട്ട് വേരിയേഷനുകളും അനുബന്ധം VI ൽ കെ.എസ്.ആർ.ടി.സി. കർണ്ണാടകത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന 3 റൂട്ടുകളുടെ വേർപെടുത്തലും അനുബന്ധം VII ൽ മേളകളും ഉൽസവങ്ങളും നടക്കുമ്പോൾ രണ്ട് സംസ്ഥാനങ്ങളിലെയും എസ്.റ്റി.യു.കൾക്ക് നടത്താവുന്ന 14 അധിക ഓപ്പറേഷനുകളും അനുബന്ധം VIII ൽ രണ്ട് സംസ്ഥാനങ്ങളിലെയും എസ്.റ്റി.യു.കൾക്ക് വേനൽക്കാലത്ത് നടത്താവുന്ന 10 അധിക ഓപ്പറേഷനുകളും സംബന്ധിച്ച വ്യവസ്ഥകൾ ഉണ്ടാക്കി.

## അനുബന്ധം II

അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റുകൾ സംബന്ധിച്ച് കേരളവും കർണ്ണാടകവുമായും ഒപ്പ് വച്ച കരാറിന് സമാനമായ വ്യവസ്ഥകൾ തന്നെയാണ് 30/06/1976 ൽ വിജ്ഞാപനം ചെയ്ത കേരളവും തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഉൾക്കൊള്ളിച്ചിരുന്നത്. മേപ്പടി കരാറിൽ തമിഴനാട് ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്യുന്ന 33 ഇന്റർസ്റ്റേറ്റ് റൂട്ടുകളും തമിഴനാട് ഓപ്പറേറ്റർമാർ പുതുതായി ഓപ്പറേറ്റ് ചെയ്യേണ്ടതായ 6 റൂട്ടുകളും, തമിഴ്നാട് ഓപ്പറേറ്റർമാർ അധികമായി ഓപ്പറേറ്റ് ചെയ്യേണ്ടതായ രണ്ട് അധിക സർവ്വീസുകളും, കേരള ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്യുന്ന 45 റൂട്ടുകളും, കേരള ഓപ്പറേറ്റർമാർ നടത്തേണ്ടുന്ന 4 പുതിയ റൂട്ടുകളും, 4 അധിക സർവ്വീസുകളും സംബന്ധിച്ച വ്യവസ്ഥകളുണ്ടാക്കി. 1979 ൽ ഒപ്പുവച്ച 1 - ാം സപ്ലിമെന്ററി കരാറിൽ തമിഴനാട് ഓപ്പറേറ്റർമാരുടെ 3 ഇന്റ്റാസ്റ്റേറ്റ് റൂട്ടുകൾ ഇന്റർസ്റ്റേറ്റ് റൂട്ടുകളാക്കി മാറ്റം വരുത്തുന്നതും, 4 പുതിയ റൂട്ടുകളും നിലവിലുള്ള റൂട്ടുകളിൽ 13 അധിക സർവ്വീസുകൾ അനുവദിക്കുന്നതും സംബന്ധിച്ചും കേരള ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്യേണ്ടതായ 2 പുതിയ റൂട്ടുകൾ, നിലവിലുള്ള 16 റൂട്ടുകളിൽ അധിക സർവ്വീസുകൾ എന്നിവ സംബന്ധിച്ചും വ്യവസ്ഥകളുണ്ടാക്കി. 1981 ൽ ഉണ്ടാക്കിയ 2 - ാം സപ്ലിമെന്ററി കരാറിലും 1982 ൽ ഒപ്പുവച്ച 3 - ാം സപ്ലിമെന്ററി കരാറിലും റൂട്ട് പെർമിറ്റുകൾ സംബന്ധിച്ച പുതിയ കാര്യങ്ങൾ ചേർക്കുകയുണ്ടായില്ല. 1984 ൽ ഒപ്പുവച്ച 4 - ാം സപ്ലിമെന്ററി കരാറിൽ തമിഴനാട് ഓപ്പറേറ്റ് ചെയ്യേണ്ടതായ 33 റൂട്ടുകൾ, നിലവിലുള്ള 6 റൂട്ടുകളിൽ അധിക സർവ്വീസുകൾ, നിലവിലുള്ള കരാറിലെ 2 റൂട്ടുകളിലെ മാറ്റം, ഒരു റൂട്ടിലെ റീ അലോട്ട്മെന്റ്, കേരള ഓപ്പറേറ്റേഴ്സ് ഓപ്പറേറ്റ് ചെയ്യേണ്ടതായ പുതിയ 28 റൂട്ടുകൾ, നിലവിലുള്ള റൂട്ടുകളിൽ 4 അഡീഷണൽ സർവ്വീസുകൾ, നിലവിലുള്ള കരാറിലെ 2 റൂട്ടുകളുടെ വേരിയേഷൻ, ഒരു റൂട്ടിന്റെ റീ അലോട്ട്മെന്റ് എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി.

1995 - ൽ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുണ്ടാക്കിയ 5 - ാം സപ്ലിമെന്ററി കരാറിൽ രണ്ട് സംസ്ഥാനങ്ങളിലേയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾ (STU) ഓപ്പറേറ്റ് ചെയ്യേണ്ടതായ സ്റ്റേജ് കാര്യേജുകൾ, ഓരോ സംസ്ഥാനത്തേയും STU മറ്റേ സംസ്ഥാനത്ത് ഓപ്പറേറ്റ് ചെയ്യേണ്ടതായ റൂട്ടുകൾ, കേരളത്തിലെ ഇന്റർസ്റ്റേറ്റ് റൂട്ടുകളിൽ തമിഴ്നാട് STU കൾക്ക് അനുവദിക്കുന്ന വേരിയേഷനുകൾ കർണ്ണാടക, പോണ്ടിച്ചേരി എന്നീ STA കളുടെ കൗണ്ടർ സിഗ്നേച്ചറോട് കൂടി

ഓപ്പറേറ്റ് ചെയ്യേണ്ടുന്ന റൂട്ടുകൾ എന്നിവ സംബന്ധിച്ചും ഫ്ലീറ്റ് സ്ട്രെങ്ത്തിന്റെ 20% വരെ സ്പെയർ ബസ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ചും കൂടാതെ മേപ്പടി റൂട്ടിലെ സ്ഥിരമായ വാഹനം പ്രകൃതി ദുരന്തമോ റോഡ് ബ്ലോക്കോ മൂലം മാറി സഞ്ചരിക്കേണ്ടി വരുമ്പോഴുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുകയുണ്ടായി.

1999 - ൽ ഒപ്പു വച്ച 6-ാമത് സപ്ലിമെന്ററി കരാറിൽ തമിഴ്നാട് STU കൾ കേരളത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള 13 റൂട്ടുകളും കേരള STU (കെ.എസ്.ആർ.ടി.സി.) തമിഴ്നാട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള 32 റൂട്ടുകളും ഉൾപ്പെടുത്തുകയുണ്ടായി.

2008 – ൽ രണ്ട് ഗവണ്മെന്റുകളും തമ്മിലുണ്ടാക്കിയ 7 -ാം സപ്ലിമെന്ററി കരാറിൽ തമിഴ്നാട് STU കൾ ഓപ്പറേറ്റ് ചെയ്യേണ്ടതായ 15 റൂട്ടുകളും നിലവിലുള്ള കരാറുകളിലെ 28 റൂട്ട് മാറ്റങ്ങളും, കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിൽ ഓപ്പറേറ്റ് ചെയ്യേണ്ടതായ 25 റൂട്ടുകൾ, നിലവിലുള്ള 3 റൂട്ടുകളിലെ മാറ്റങ്ങൾ, കേരളം തമിഴ്നാട്ടിൽ ഓപ്പറേറ്റ് ചെയ്യുന്ന 7 റൂട്ടുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ചും ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി.

സെക്ഷൻ ഓഫീസർ